ഓഡിറ്റ് വകുപ്പിലേയും സെക്രട്ടേറിയറ്റിലേയും ഒഴിവുകൾ

149 (121) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ മന്ത്രിസഭാ തീരുമാനപ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകൾക്ക് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് റിപ്പോർട്ട് ചെയ്യും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ മന്ത്രിസഭാ തീരുമാനപ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകൾക്ക് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*. ഓഡിറ്റർ തസ്തികയിലെ ഒഴിവുകൾ 19-12-2015-ലെ കെ.എസ്.എ.5(പി)/എസ്റ്റാ.1/2015 നമ്പർ കത്തിലൂടെ പി.എസ്.സി.-ക്ക് സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ധനസഹായ ലഭ്യത

150 (122) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷത്തെയും കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ധനസഹായം വിശദമാക്കാമോ ;

(ബി) ഓരോ വർഷവും, പദ്ധതിയേതര ധനസഹായം, സംസ്ഥാന പദ്ധതിക്കുള്ള ധനസഹായം, കേന്ദ്ര പദ്ധതികൾക്കുള്ള ധനസഹായം, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം എന്നിവയുടെ സാമ്പത്തിക കണക്കുകൾ വിശദമാക്കാമോ ;

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ധനസഹായ ലഭ്യതയുടെ കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവണത ശതമാന കണക്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിലെ ഓരോ സാമ്പത്തിക വർഷത്തെയും കേന്ദ്ര ധനസഹായം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(തുക കോടിയിൽ)

വർഷം	2011-12	2012-13	2013-14	2014-15	2015-16 (ബഡ്ജറ്റ് എസ്റ്റിമേറ്റ്)
ധനസഹായം (Grand-in-Aid)	3709.22	3021.53	4138.21	7508.00	9946.28

(ബി) ഓരോ വർഷത്തെയും പദ്ധതിയേതര ധനസഹായം, സംസ്ഥാന പദ്ധതിക്കുള്ള ധനസഹായം, കേന്ദ്ര പദ്ധതി/കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവക്കുള്ള ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു:

(തുക കോടിയിൽ)

വർഷം	2011-12	2012-13	2013-14	2014-15	2015-16 (ബഡ്ജറ്റ് എസ്റ്റിമേറ്റ്)
സംസ്ഥാന പദ്ധതിക്കുള്ള ധനസഹായം	1380.18	1269.80	1154.23	4928.90	53.65*
പദ്ധതിയേതര ധനസഹായം	957.54	551.12	1679.40	1984.11	5563.42
കേന്ദ്ര പദ്ധതി/ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം	1371.50	1200.61	1304.58	594.99	4329.21
ആകെ	3709.22	3021.53	4138.21	7508.00	9946.28

(*14-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 32%-ൽ നിന്നും 42% ആയി വർദ്ധിപ്പിക്കുകയും പദ്ധതി ധനസഹായത്തിൽ കുറവ് വരുത്തുകയും ചെയ്തിട്ടുണ്ട്.)

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ധനസഹായ ലഭ്യതയുടെ കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവണത ശതമാന കണക്കിൽ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(തുക കോടിയിൽ)

വർഷം	2011-12	2012-13	2013-14	2014-15	2015-16
ധനസഹായം (Grand-in-Aid)	3709.22	3021.53	4138.21	7508.00	9946.28
വളർച്ചാ നിരക്ക്	68.86%	-18.54%	36.96%	81.43%	32.48%

നിലവിലെ സർക്കാരിന്റെ നികുതി വരുമാനത്തുക

151 (123) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജനങ്ങളിൽ നിന്ന് അധിക വിഭവം സമാഹരിക്കുന്നതിനായി ഓരോ ബഡ്ജറ്റ് വഴിയും ഓർഡിനൻസുകൾ, എക്സിക്യൂട്ടീവ് ഉത്തരവുകൾ എന്നിവയിലൂടെയും നികുതി നിരക്കുകളിലെ വർധന, നികുതിയേതര ഇനങ്ങളിലെ വർദ്ധനവ് എന്നിവ വഴിയും പ്രതിവർഷം എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഇവ മൊത്തം എത്ര കോടി രൂപയാണ്;

(ബി) ഈ നടപടികൾ എല്ലാം സ്വീകരിക്കപ്പെട്ടിട്ടും ഈ സർക്കാരിന്റെ ഒരോ വർഷത്തിലും റവന്യൂ വരുമാനത്തിന്റെ ടാർജറ്റിലേക്കെത്താൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണ്;

(സി) ഈ സർക്കാരിന്റെ ഓരോ വർഷവും തനത് നികുതി-നികുതിയേതര വരുമാനത്തിന്റെ ലക്ഷ്യം എത്ര കോടി വീതമായിരുന്നു; ലക്ഷ്യത്തിന്റെ എത്ര ശതമാനം യഥാർത്ഥത്തിൽ അതത് വർഷത്തിൽ ലഭിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വകുപ്പ്തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly